(ബി) ഈ എഴുത്ത് പരീക്ഷയിൽ 90-ഓ അതിനു മുകളിലോ മാർക്ക് കിട്ടിയവരുണ്ടോ;

(സി) എങ്കിൽ അവരുടെ പേര്, എഴുത്തുകുത്തിനുള്ള മേൽവിലാസം, അവർ ഏത് സർവകലാശാലയിൽ നിന്ന് യോഗ്യത നേടി; യോഗ്യതാ പരീക്ഷയിൽ അവർ നേടിയ മാർക്ക് എന്നിവ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് ലഭ്യമാക്കുമോ;

(ഡി) ഇതു സംബന്ധിച്ച് പരാതിയുണ്ടായിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്തെങ്കിലും അന്വേഷണത്തിനുത്തരവിട്ടിട്ടുണ്ടോ;

(ഇ) എങ്കിൽ ആരാണ് അന്വേഷിക്കുന്നത്;

(എഫ്) ഭരണഘടനാസ്ഥാപനമായ പി.എസ്.സി. നടത്തുന്ന എഴുത്തു പരീക്ഷയിലും അതിൽ റാങ്ക് നൽകുന്നതിലും അഴിമതി നടക്കുന്നതായുള്ള പരാതി ദൂരീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിന്ദി) തസ്തികയിലേക്കുള്ള ലിസ്റ്റ്

25 [1601] ശ്രീ. ജോർജ് ജെ. മാത്യു:
,, ജി. പ്രതാപവർമ്മ തമ്പാൻ:
,, എ. കെ. മണി:
,, കെ. സി. ജോസഫ്:
,, ഇ. എം. അഗസ്തി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ (ഹിന്ദി) തസ്തികയിലേയ്ക്ക് നിയമിക്കപ്പെടുന്നതിനായി അപേക്ഷിച്ചവർക്കുവേണ്ടി ഈയിടെ പി.എസ്.സി. നടത്തിയ എഴുത്തുപരീക്ഷയുടെ അടിസ്ഥാനത്തിൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചുവോ;

(ബി) ഈ ലിസ്റ്റ് തയ്യാറാക്കുന്നതിന് സ്വീകരിച്ച കട്ട് ഓഫ് മാർക്ക് എത്രയായിരുന്നു;

(സി) ഇതിന്റെ മെയിൻ ലിസ്റ്റിൽ എത്ര പേരുണ്ട്; അത് ആകെ ഒഴിവിന്റെ എത്ര ഇരട്ടി വരും;

(ഡി) ഈ മെയിൻ ലിസ്റ്റിലുള്ളവരുടെ എഴുത്തുകുത്ത് നടത്തുന്നതിനു വേണ്ടി കൊടുത്ത മേൽവിലാസം, വിദ്യാഭ്യാസ യോഗ്യത, യോഗ്യതാപരീക്ഷയിൽ കിട്ടിയ മാർക്ക്, ഏതു സർവ്വകലാശാലയിൽ നിന്ന് ഏതു ക്ലാസിൽ വിജയിച്ചു എന്നീ വിവരങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് നൽകാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ഈ സ്റ്റേറ്റുമെന്റിൽ കേരള സർവകലാശാലയിൽ നിന്ന് യോഗ്യത നേടിയ എത്ര പേരുണ്ട്;

(എഫ്) കേരളത്തിലുള്ള മറ്റ് സർവകലാശാലകളിൽ നിന്നും ക്ലാസും റാങ്കും നേടി പാസ്സായവർ എത്ര പേരുണ്ട്?

ഉത്തരം

(എ—എഫ്) വിവരം ശേഖരിച്ച് നൽകുന്നതാണ്.

കാസർഗോഡ് ജില്ലയിലെ വിവിധ വകുപ്പുകളിലെ പി.എസ്.സി. ലിസ്റ്റ്

26 [1602] ശ്രീ. കെ. പി. സതീശ് ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സർക്കാരിന്റെ വിവിധ വകുപ്പുകളും സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് ഏതെല്ലാം തസ്തികകളിലേക്കുള്ള പി.എസ്.സി. ലിസ്റ്റുകളാണ് നിലവിലുള്ളതെന്നും അവ ഓരോന്നിലും എത്ര ഉദ്യോഗാർത്ഥികൾ വീതമാണ് ഉൾപ്പെട്ടിട്ടുള്ളതെന്നും അറിയിക്കാമോ;

(ബി) കഴിഞ്ഞ 3 വർഷത്തിനകം നിയമനം നടത്താതെ ഏതെല്ലാം പി.എസ്.സി. ലിസ്റ്റുകൾ കാലഹരണപ്പെട്ടിട്ടുണ്ട് എന്ന് വെളിപ്പെടുത്തുമോ;

(സി) നിലവിലുള്ള പി.എസ്.സി. റാങ്ക് ലിസ്റ്റുകൾ ഓരോന്നിന്റെയും കാലാവധി എപ്പോൾ അവസാനിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചുവരുന്നു.

താൽക്കാലിക ജീവനക്കാരെ മാറ്റി പി.എസ്.സി. ലിസ്റ്റിൽ നിന്നും നിയമനം നടത്താൻ നടപടി

27 [1603] ശ്രീ. ഷിബു ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ വകുപ്പുകളിൽ ഒഴിവുകൾ ഉള്ള തസ്തികകളിൽ പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ താൽക്കാലിക ജീവനക്കാരെയും കരാറുകാരെയും വച്ച് പണിയെടുപ്പിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ടെസ്റ്റ് എഴുതി വിജയിച്ച് ഇന്റർവ്യൂവും കഴിഞ്ഞ് റാങ്ക് ലിസ്റ്റിൽ കടന്നുകൂടിയവരെ സംരക്ഷിക്കുവാൻ എന്ത് നടപടി സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയതിനുശേഷവും മാസങ്ങളോളം കഴിഞ്ഞിട്ടും ഇവരെ നിയമിക്കാത്ത ഡിപ്പാർട്ടുമെന്റ് തലവൻമാർക്കെതിരെ നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly